'Vicar's Reflections

Dearly Beloved in Christ,

Greetings to you in the precious name of our Lord and Saviour Jesus Christ.

As we enter the month of November, we are reminded of God's abundant grace, unfailing faithfulness, and enduring love. Every new month offers us an opportunity to reflect on our spiritual journey, give thanks for God's blessings, and renew our commitment to the mission entrusted to us as the Church of Christ. November brings before us several significant occasions that invite us to remember the faithful witnesses of the past, nurture the faith of the younger generation, express gratitude for God's provision, and prepare our hearts for the coming of our Lord Jesus Christ.

All Saints' Day- Remembering the Faithful Witnesses

All Saints' Day reminds us of the lives of those who faithfully followed Christ and bore witness to the Gospel through their words, actions, sacrifices and service. Their lives inspire us to remain steadfast in faith, persevere through difficulties, and continue our Christian journey with hope. As Hebrews 12:1 reminds us, we are surrounded by a great cloud of witnesses and are called to run with perseverance the race set before us, fixing our eyes on Jesus, the pioneer and perfecter of our faith.

As we remember the saints, let us also recognise our calling to live holy lives in our own generation. Holiness is not merely a matter of religious observance; it is expressed through love, humility, justice, forgiveness, compassion and faithful service. May the lives of those who have gone before us encourage us to become faithful witnesses of Christ in our homes, Church and society.

As announced earlier, I request all our parish members to take time to keep the tombs of our departed dear ones neat, clean and tidy. Caring for the resting places of our loved ones is a meaningful expression of love, respect, and remembrance. Let us maintain them with dignity while holding firmly to our Christian hope in the resurrection and the promise of eternal life in Christ.

Sunday School Sunday - Nurturing the Faith of the Young

World Sunday School Day, observed during the first week of November, reminds us of the importance of Christian education and the responsibility of the Church to nurture children in the knowledge and love of God. The contribution of Robert Raikes, who pioneered the Sunday School movement in eighteenth-century England, and the subsequent development of Sunday Schools around the world deserve our grateful remembrance.

Jesus welcomed children and declared that the kingdom of God belongs to those who receive it with childlike faith (Mark 10:14-16). Children are not merely the future of the Church; they are an integral part of the Church today.

Our Sunday School teachers, parents and church leaders share the sacred responsibility of helping children grow in faith, character, wisdom and Christian values. Christian education must go beyond teaching Bible stories and memorising verses. It must help children experience God's love, practise forgiveness, respect others, care for creation and become responsible members of society.

On this special occasion, let us express our sincere appreciation to our Sunday School teachers and all those who faithfully invest their time, talents and energy in this ministry. Their dedication plays a vital role in shaping the spiritual lives of our children. Let us also encourage parents to become the first teachers of faith in their homes, nurturing their children through prayer, Scripture and Christian example. Please encourage

children to be part of the worship service. Some of the parents are not taking this seriously. Mere presence in the church compound is not becoming part of the worship. Children also follow that. Teachers, please tell the parents to attend worship. Teachers should also attend the worship service.

May our children grow in the grace and knowledge of our Lord Jesus Christ and become faithful witnesses of His love in a changing world.

Advent - Preparing Our Hearts for the Coming Lord

With the beginning of Advent Season, the Church enters a new cycle in its liturgical calendar. The Christian year begins with Advent and progresses through the seasons of Christmas, Epiphany, Lent, Easter and Pentecost. This annual rhythm helps us reflect on the life and ministry of Christ and renew our faith in the saving work of God.

Advent is a season of waiting, hope, repentance and spiritual preparation. It invites us to remember the first coming of Christ in humility and to renew our hope in His promised coming in glory. It calls us to prepare not merely for the celebration of Christmas but for a deeper encounter with the living Christ.

Prophet Isaiah declares, “Prepare the way of the Lord” (Isaiah 40:3). This call challenges us to examine our hearts, remove the obstacles that distance us from God, and make room for Christ in our lives. In a world often marked by conflict, fear, division and uncertainty, Advent reminds us that God has not abandoned His creation. The light of Christ continues to shine in the darkness, bringing hope to the hopeless and peace to troubled hearts.

As we prepare for Advent, let us devote ourselves to prayer, meditation on Scripture, reconciliation and acts of compassion. May our preparations for Christmas be shaped by simplicity, hospitality, generosity and love. Let us also become bearers of

hope to those who feel forgotten, lonely or burdened by life's struggles.

Advent is not simply a season of waiting; it is a call to live faithfully and expectantly as people of God's coming kingdom.

Harvest Festival - Gratitude for God's Abundant Provision

The Harvest Festival calls us to recognise God as the source of every good gift. The beauty of creation, the fruitfulness of the earth, the labour of farmers, and the food on our tables remind us of God's sustaining grace. Scripture declares, "The earth is the Lord's and everything in it" (Psalm 24:1).

Harvest thanksgiving is more than an annual celebration or an offering of agricultural produce. It is an expression of a grateful heart and a reminder of our responsibility to share God's blessings with others. While we thank God for the abundance we enjoy, we must also remember those who experience hunger, poverty, unemployment and uncertainty about their daily needs.

Our gratitude must lead us to generosity. The gifts we bring to the altar should be accompanied by a willingness to share with the poor, support those in need, care for the environment and promote justice in our communities. As a Church, may we cultivate a spirit of stewardship, recognising that everything we possess is entrusted to us by God for His glory and the well-being of our neighbours.

The Harvest Festival brochure and contribution cover will be available shortly. You may collect them from the church in the coming days. I encourage everyone to participate wholeheartedly in this celebration of thanksgiving. Beyond the practical arrangements, let this occasion be an opportunity to renew our fellowship, strengthen our relationships, and work together for the glory of God.

May this Harvest Festival inspire us not only to thank God for what we receive but also to become channels of His provision and blessing to others.

Parish Directory – Updating Our Records Together

Our parish directory, which was last updated approximately ten years ago, now requires a comprehensive revision. During this period, some of our dear members have departed to eternity, while others have joined our parish fellowship. It is therefore important that our records reflect the present membership of our congregation accurately.

I request the wholehearted cooperation of every family in this important task. Please provide the required details to your respective Area Prayer Convenors at the earliest opportunity so that the updated directory can be prepared systematically.

I understand that some members may be hesitant to provide their year of birth. However, this information is required for administrative purposes and for the proper classification of our parish records. Please be assured that the year of birth will not be displayed in the directory alongside the member's name; it will be collected for internal record-keeping purposes only.

Accurate parish records help us maintain effective communication, pastoral care and responsible administration. They also enable us to serve our members more efficiently and strengthen our sense of belonging to one parish family.

I therefore earnestly request everyone to cooperate with the Area Prayer Convenors and provide the necessary information promptly. Let us approach this task with a spirit of mutual trust, transparency and shared responsibility.

Walking Together in Faith and Fellowship

As a faith community, we are reminded that the Church is called to remember faithfully, teach diligently, give thanks joyfully,

and hope expectantly. We honour the saints by following their example, nurture children by teaching and practising the faith, celebrate the harvest by sharing our blessings, and prepare for Advent by renewing our relationship with Christ.

These observances also remind us that our life as a Church is built upon fellowship, mutual care and a shared commitment to God's mission. Let us continue to work together in unity, reaching out to the vulnerable, encouraging the young, supporting families and proclaiming the Gospel through both word and deed.

As we move towards the close of another year, let us look back with gratitude, live in the present with faithfulness, and look forward with hope. The God who has sustained us thus far will continue to guide us in the days ahead.

May the Lord bless our parish, strengthen every ministry, guide our children and young people, comfort those who are struggling, and make us a community that reflects the love, grace, and compassion of Jesus Christ.

“Give thanks to the Lord, for he is good; his love endures forever.” (Psalm 107:1)

With prayers and blessings,

Thomas Paikad
Vicar
Reformation day 2026

പ്രതിഫലനങ്ങൾ

കർത്താവിൽപ്രിയരേ,

ക്രിസ്തു യേശുവിൽ സ്നേഹ വന്ദനം

നവംബർ മാസത്തിലേക്ക് നാം പ്രവേശിക്കുന്നു. ഓരോ പുതിയ മാസവും നമ്മുടെ ആത്മീയ യാത്രയെക്കുറിച്ച് ചിന്തിക്കുവാനും ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കായി നന്ദി അർപ്പിക്കുവാനും ക്രിസ്തുവിന്റെ

സഭ എന്ന നിലയിൽ നമ്മെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യത്തോടുള്ള പ്രതിബദ്ധത പുതുക്കുവാനുമുള്ള അവസരം ആണ്. കഴിഞ്ഞകാലങ്ങളിൽ വിശ്വസ്തരായി ജീവിച്ച സാക്ഷികളെ ഓർക്കുവാനും, പുതുതലമുറയുടെ വിശ്വാസം വളർത്തുവാൻ ദൈവത്തിന്റെ കരുതലിനായി നന്ദി പറയുവാനും, ക്രിസ്തുവിന്റെ വരവിനായി ഹൃദയങ്ങളെ ഒരുക്കുവാനും നവംബർ നമ്മെ ആഹ്വാനം ചെയ്യുന്നു.

സകല വിശുദ്ധരുടെയും ദിനം

ക്രിസ്തുവിനെ വിശ്വസ്തതയോടെ അനുഗമിക്കുകയും, വാക്കുകളിലൂടെയും, പ്രവർത്തിയിലൂടെയും, ത്യാഗത്തിലൂടെയും, ശുശ്രൂഷയിലൂടെയും, സുവിശേഷത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്തവരുടെ ജീവിതങ്ങളെ ഓർക്കുവാനും സകല വിശുദ്ധന്മാരുടെയും ദിനം നമ്മെ സഹായിക്കുന്നു. അവരുടെ ജീവിതം വിശ്വാസത്തിൽ ഉറച്ചുനിൽക്കുവാനും, പ്രതിസന്ധികളിൽ സഹിഷ്ണുതയോടെ മുന്നേറുവാനും, പ്രത്യാശയോടെ ക്രിസ്തീയ ജീവിതം തുടരുവാനും പ്രചോദനമാകുന്നു. എബ്രായർ 12:1 ഓർപ്പിക്കുന്നതുപോലെ, സാക്ഷികളുടെ വലിയൊരു സമൂഹം നമുക്ക് ചുറ്റുമുണ്ട് നമുക്കായി നിയമിച്ചിരിക്കുന്ന ഓട്ടം വിശ്വസ്തതയോടെ ഓടിക്കൊണ്ട് വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നതിനും ആയ യേശുക്രിസ്തുവിൽ ദൃഷ്ടി ഉറപ്പിക്കു വാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

വിശുദ്ധരെ അനുസ്മരിക്കുമ്പോൾ, നമ്മുടെ തലമുറയിൽ വിശുദ്ധമായ ജീവിതം നയിക്കുവാനുള്ള വിളിയും നാം തിരിച്ചറിയണം. വിശുദ്ധി മതപരമായ ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല; സ്നേഹം, വിനയം, നീതി, ക്ഷമ, കരുണ, വിശ്വസ്തമായ സേവനം എന്നിവയിലൂടെയാണ് അത് പ്രകടമാകുന്നത്. നമ്മെക്കാൾ മുമ്പേ വിശ്വാസത്തിൽ ജീവിച്ച് കടന്നുപോയവരുടെ മാതൃക നമ്മുടെ സഭയിലും ഭവനത്തിലും സമൂഹത്തിലും ക്രിസ്തുവിന്റെ വിശ്വസ്ത സാക്ഷികളായി ജീവിക്കുവാൻ നമ്മെ പ്രചോദിപ്പിക്കട്ടെ.

മുൻപ് ഓർമിപ്പിച്ചിരുന്നത് പോലെ, നമ്മുടെ പ്രിയപ്പെട്ടവരുടെ കല്ലറകൾ വൃത്തിയായി പരിപാലിക്കുവാൻ എല്ലാ ആളുകളും സമയം കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രിയപ്പെട്ടവരുടെ അന്ത്യ വിശ്രമസ്ഥലങ്ങൾ സംരക്ഷിക്കുന്നത് സ്നേഹത്തിന്റെയും, ആദര

വിന്റെയും, ഓർമ്മയുടെയും അർത്ഥവത്തായ പ്രകടനമാണ്. നമ്മുടെ കല്ലറകൾ മാന്യമായി പരിപാലിക്കുമ്പോഴും ക്രിസ്തുവിലുള്ള പുനരുത്ഥാന പ്രത്യാശയിലും നിത്യജീവന്റെ വാഗ്ദാനത്തിൽ നമുക്ക് ഉറച്ചു നിൽക്കാം.

സൺഡേ സ്കൂൾ

അഖിലലോക സൺഡേ സ്കൂൾ ദിനം ഈ മാസം നാം ആചരിക്കുമ്പോൾ, ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും ദൈവത്തെക്കുറിച്ചുള്ള അറിവിലും സ്നേഹത്തിലും കൂട്ടായ്മയിലും കുട്ടികളെ വളർത്തുന്ന സഭയുടെ ഉത്തരവാദിത്വവും നമ്മെ ഓർമിപ്പിക്കുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ സൺഡേസ്കൂൾ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച റോബർട്ട് റേക്സിന്റെ സംഭാവനയും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സൺഡേസ്കൂൾ പ്രസ്ഥാനം വളർന്നുവന്ന ചരിത്രവും നന്ദിയോടെ സ്മരിക്കേണ്ടതാണ്.

യേശു കുട്ടികളെ തന്റെ അടുക്കൽ സ്വീകരിക്കുകയും ശിശു സമാനമായ വിശ്വാസത്തോടെ ദൈവരാജ്യത്തെ സ്വീകരിക്കുന്നതാണ് ദൈവരാജ്യം എന്ന് പ്രഖ്യാപിക്കുകയും ചെയ്തു (മർക്കോസ് 10:14-16). കുട്ടികൾ സഭയുടെ ഭാവി മാത്രമല്ല അവർ ഇന്നത്തെ സഭയുടെ അവിഭാജ്യ ഘടകവുമാണ്.

കുട്ടികളെ വിശ്വാസത്തിലും, സ്വഭാവത്തിലും, ജ്ഞാനത്തിലും, ക്രിസ്തീയ മൂല്യങ്ങളും വളർത്തുന്നതിനുള്ള വിശുദ്ധമായ ഉത്തരവാദിത്വം സൺഡേ സ്കൂൾ അധ്യാപകരും, മാതാപിതാക്കളും, സഭാ നേതൃത്വവും ഒരുമിച്ച് വഹിക്കുന്നു. ക്രിസ്തീയ വിദ്യാഭ്യാസം ബൈബിൾ കഥകൾ പഠിപ്പിക്കുന്നതിലും വാക്യങ്ങൾ മനപ്പാഠമാക്കുന്നതിലും മാത്രം ഒതുങ്ങരുത്. ദൈവസ്നേഹം അനുഭവിക്കുവാനും, ക്ഷമ അഭ്യസിക്കുവാനും, മറ്റുള്ളവരെ ബഹുമാനിക്കുവാനും, സൃഷ്ടിയെ സംരക്ഷിക്കുവാനും, സമൂഹത്തിലെ ഉത്തരവാദിത്വമുള്ള അംഗങ്ങളായി വളരുവാനും അത് കുട്ടികളെ സഹായിക്കണം.

ഈ പ്രത്യേക അവസരത്തിൽ സൺഡേസ്കൂൾ ശുശ്രൂഷയിൽ സമയവും, കഴിവുകളും, അധ്വാനവും വിശ്വസ്തതയോടെ സമർപ്പിക്കുന്ന എല്ലാ അധ്യാപകരോടും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. നമ്മുടെ കുട്ടികളുടെ ആത്മീയ ജീവിതം രൂപപ്പെടുത്തുന്നതിൽ അവരുടെ സമർപ്പണം നിർണായക പങ്ക് വഹിക്കുന്നു. അതോടൊപ്പം പ്രാർത്ഥനയി

ലൂടെയും തിരുവചനത്തിലൂടെയും ക്രിസ്തീയ മാതൃകയിലൂടെയും ഭവനങ്ങളിൽ കുട്ടികളുടെ ആദ്യ വിശ്വാസ ഗുരുക്കൾ ആകുവാൻ മാതാപിതാക്കളെയും പ്രോത്സാഹിപ്പിക്കണം. കുട്ടികൾ ആരാധനയിൽ സജീവമായി പങ്കെടുക്കുന്നുവെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തണം. ചില മാതാപിതാക്കൾ ഈ കാര്യത്തിന് പ്രാധാന്യം വേണ്ടത്ര ഗൗരവത്തോടെ കാണുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പള്ളി കോമ്പൗണ്ടിൽ സന്നിഹിതരാകുന്നതുകൊണ്ടുമാത്രം ആരാധനയിൽ പങ്കുചേരുന്നതിന് തുല്യമാകയില്ല. കുട്ടികളും മുതിർന്നവരുടെ ഈ സ്വഭാവം അനുകരിക്കും. അതിനാൽ മാതാപിതാക്കൾ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കുവാൻ അധ്യാപകരും ശ്രദ്ധിക്കണം. അധ്യാപകരും ആരാധനയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കണം.

നമ്മുടെ കുട്ടികൾ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളർന്ന്, മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ വിശ്വസ്ത സാക്ഷികൾ ആകട്ടെ.

ആഗമനകാലം

ആഗമന കാലത്തിന്റെ ആരംഭത്തോടെ സഭ ആരാധനാ വർഷത്തിലെ പുതിയൊരു തലത്തിലേക്ക് പ്രവേശിക്കുന്നു. ആഗമന കാലത്തോടെ ആരംഭിക്കുന്ന ക്രിസ്തീയ വർഷം ക്രിസ്മസ്, എപ്പിഫനി, നോമ്പ്, ഈസ്റ്റർ, പെന്തക്കോസ്ത് എന്നീ കാലങ്ങളിലൂടെ മുന്നോട്ടു പോകുന്നു. ഈ വാർഷിക ക്രമം ക്രിസ്തുവിന്റെ ജീവിതത്തെയും ശുശ്രൂഷയെയും കുറിച്ച് ചിന്തിക്കാനും ദൈവത്തിന്റെ രക്ഷാകരമായ പ്രവൃത്തിയിലുള്ള നമ്മുടെ വിശ്വാസം പുതുക്കാനും നമ്മെ സഹായിക്കുന്നു.

കാത്തിരിപ്പിന്റെയും പ്രത്യാശയുടെയും മാനസാന്തരത്തിന്റെയും ആത്മീയ ഒരുക്കത്തിന്റെയും കാലമാണ് ആഗമന കാലം. വിനയത്തോടെ ലോകത്തിലേക്ക് കടന്നുവന്ന ക്രിസ്തുവിന്റെ ആദ്യ വരവിനെ ഓർക്കുന്നതോടൊപ്പം മഹത്വത്തോടെ അവിടുന്ന് വീണ്ടും വരുമെന്ന് വാഗ്ദാനത്തിനുള്ള നമ്മുടെ പ്രത്യാശ പുതുക്കുവാനും ഈ കാലം നമ്മെ ക്ഷണിക്കുന്നു. ക്രിസ്മസ് ആഘോഷത്തിനായി ഒരുങ്ങുന്നതിൽ മാത്രം ഒതുങ്ങാതെ ജീവിക്കുന്ന ക്രിസ്തുവുമായി കൂടുതൽ ആഴത്തിലുള്ള ബന്ധത്തിലേക്ക് കടക്കുവാനും ഇത് നമ്മെ ആഹ്വാനം ചെയ്യുന്നു.

യെശയ്യാപ്രവാചകൻ ആഹ്വാനം ചെയ്യുന്നു കർത്താവിന്റെ വഴി ഒരുക്കുവിൻ നമ്മുടെ ഹൃദയങ്ങളെ പരിശോധിക്കുവാനും ദൈവത്തിൽ നിന്ന് നമ്മെ അകറ്റുന്ന തടസ്സങ്ങൾ നീക്കുവാനും നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിന് ഇടം നൽകുവാനും ഈ ആഹ്വാനം നമ്മെ വെല്ലുവിളിക്കുന്നു. സംഘർഷങ്ങളും, ഭയവും, ഭിന്നതയും, അനിശ്ചിതങ്ങളും നിറഞ്ഞ ലോകത്തിൽ ദൈവം തന്റെ സൃഷ്ടിയെ ഉപേക്ഷിച്ചിട്ടില്ല എന്ന് ആഗമനകാലം നമ്മെ ഓർപ്പിക്കുന്നു. ഇരുട്ടിൽ ക്രിസ്തുവിന്റെ വെളിച്ചം തുടർന്നും പ്രകാശിക്കുന്നു. പ്രത്യാശയില്ലാത്തവർക്ക് പ്രത്യാശയും അസ്വസ്ഥമായ ഹൃദയങ്ങൾക്ക് സമാധാനവും അവിടുന്ന് നൽകുന്നു.

ആഗമന കാലത്തിനായി ഒരുങ്ങുമ്പോൾ പ്രാർത്ഥനയിലും, തിരുവചന ധ്യാനത്തിലും, അനുരഞ്ജനത്തിലും, കാരുണ്യ പ്രവർത്തനങ്ങളിലും കൂടുതൽ ശ്രദ്ധ ചെലുത്തണം. ലാളിത്യം, ഔദാര്യത, സ്നേഹം എന്നിവയാൽ നമ്മുടെ ക്രിസ്മസ് ഒരുക്കങ്ങൾ രൂപപ്പെടട്ടെ സമൂഹത്തിൽ ഒറ്റപ്പെട്ടവർക്കും ഏകാന്തതയും വേദനയും അനുഭവിക്കുന്നവർക്കും പ്രത്യാശയുടെ സന്ദേശം നൽകുവാൻ ഈ നാളുകളിൽ ഇടയാക്കട്ടെ.

ആഗമനകാലം കാത്തിരിപ്പിന്റെ കാലമല്ല ദൈവരാജ്യത്തിന്റെ വരവിനെ പ്രത്യാശയോടെ പ്രതീക്ഷിച്ചുകൊണ്ട് വിശ്വസ്തമായി ജീവിക്കുന്നതിനുള്ള ആഹ്വാനം കൂടിയാണ്.

ആദ്യഫലം

എല്ലാ നല്ല ദാനങ്ങളുടെയും ഉറവിടം ദൈവമാണെന്ന് തിരിച്ചറിയുവാൻ ആദ്യഫല സമർപ്പണം നമ്മെ ആഹ്വാനം ചെയ്യുന്നു. സൃഷ്ടിയുടെ സൗന്ദര്യം, ഭൂമിയുടെ ഫലഭൂയിഷ്ഠത, കർഷകരുടെ അധ്വാനം, നമ്മുടെ ആഹാരം എന്നിവയെല്ലാം ദൈവത്തിന്റെ പരിപാലന കൃപയെ നമ്മെ ഓർമിപ്പിക്കുന്നു. തിരുവചനം പ്രഖ്യാപിക്കുന്നു ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാണ് (സങ്കീർത്തനം 24:1).

ആദ്യഫല സമർപ്പണത്തിലെ നന്ദി പ്രകടനം ഒരു വാർഷിക ആഘോഷമോ കാർഷികോല്പന്നങ്ങൾ സമർപ്പിക്കുന്ന ഒരു ചടങ്ങ് മാത്രമല്ല. അത് നന്ദിയുള്ള ഹൃദയത്തിന്റെ പ്രകടനവും ദൈവത്തിന്റെ അനുഗ്രഹങ്ങൾ മറ്റുള്ളവരുമായി പങ്കിടാനുള്ള നമ്മുടെ ഉത്തരവാദിത്വത്തിന്റെ ഓർമ്മപ്പെടുത്തലും ആണ് നാം അനുഭവിക്കുന്ന സമൃദ്ധിക്കായി

ദൈവത്തോട് നന്ദി പറയുമ്പോൾ വിശപ്പ്, ദാരിദ്ര്യം, തൊഴിലില്ലായ്മ, ദൈനംദിന ആവശ്യങ്ങൾ നിർവഹിക്കുന്നതിലെ അനിശ്ചിതത്വം എന്നിവ അനുഭവിക്കുന്നവരെയും ഓർക്കണം.

നമ്മുടെ നന്ദി ഉദാരതയിലേക്ക് നയിക്കണം നാം സമർപ്പിക്കുന്ന ദാനങ്ങളോടൊപ്പം ദരിദ്രരുമായി പങ്കുവെക്കുവാനും, ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുവാനും, പരിസ്ഥിതിയെ സംരക്ഷിക്കുവാനും, നമ്മുടെ സമൂഹങ്ങളിൽ നീതി പ്രോത്സാഹിപ്പിക്കുവാനുള്ള മനസ്സും ഉണ്ടായിരിക്കണം. ദൈവത്തിന്റെ മഹത്വത്തിനും അയൽക്കാരുടെ ക്ഷേമത്തിനുമായി നമ്മുടേതെന്ന് കരുതുന്ന എല്ലാം ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്നതാണെന്ന് തിരിച്ചറിഞ്ഞ് ഉത്തരവാദിത്വപൂർവമായ പരിപാലന മനോഭാവം സഭയായി നമുക്ക് വളർത്താം.

ആദ്യ ഫലപെരുന്നാളിന്റെ ബ്രോഷറും സംഭാവനകൾക്കുള്ള കവറും ഉടൻതന്നെ ലഭ്യമാകുന്നതാണ് വരും ദിവസങ്ങളിൽ ഇവ പള്ളിയിൽ നിന്നും ശേഖരിക്കാവുന്നതാണ് ഈ സമർപ്പണത്തിൽ എല്ലാവരും പൂർണ ഹൃദയത്തോടെ പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു പ്രായോഗികമായ ഒരുക്കങ്ങൾക്കൊപ്പം നമ്മുടെ കൂട്ടായ്മ പുതുക്കുവാനും പരസ്പര ബന്ധങ്ങൾ ശക്തിപ്പെടുവാനും ദൈവത്തിൻറെ മഹത്വത്തിനായി ഒരുമിച്ച് പ്രവർത്തിക്കുവാനും ഈ അവസരം സഹായിക്കട്ടെ.

നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾക്കായി ദൈവത്തോട് നന്ദി പറയുന്നതിൽ മാത്രം ഒതുങ്ങാതെ മറ്റുള്ളവർക്ക് ദൈവത്തിന്റെ കരുതലും അനുഗ്രഹവും എത്തിക്കുന്ന ഉപകരണങ്ങളായി മാറുവാൻ ഈ ആദ്യഫല സമർപ്പണം ഇടയാകട്ടെ.

ഇടവക ഡയറക്ടറി

ഏകദേശം പത്തു വർഷങ്ങൾക്കു മുൻപ് അവസാനമായി പുതുക്കിയ നമ്മുടെ സഭ ഡയറക്ടറി ഇപ്പോൾ സമഗ്രമായി പരിഷ്കരിക്കേണ്ടതുണ്ട്. ഈ കാലയളവിൽ നമ്മുടെ പ്രിയപ്പെട്ട അംഗങ്ങൾ പലരും യാത്രയായി മറ്റുചിലർ ഇടവകയുടെ കൂട്ടായ്മയിലേക്ക് പുതുതായി ചേർക്കപ്പെട്ടു. അതിനാൽ നമ്മുടെ ഇടവകയിലെ നിലവിലുള്ള അംഗത്വത്തെ കൃത്യമായി പ്രതിഫലിപ്പിക്കുന്ന വിധത്തിൽ രേഖകൾ പുതുക്കേണ്ടത് അനിവാര്യമാണ്.

ഈ പ്രധാനപ്പെട്ട പ്രവർത്തനത്തിൽ ഓരോ കുടുംബത്തിന്റെയും പൂർണ്ണമായ സഹകരണം അഭ്യർത്ഥിക്കുന്നു. പുതിയ ഡയറക്ടറി ക്രമീകൃതമായി തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ എത്രയും വേഗം അതത് ഏരിയ പ്രാർത്ഥന കൺവീനർമാർക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ചില അംഗങ്ങൾക്ക് തങ്ങളുടെ ജനന വർഷം നൽകുന്നതിൽ മടിയുണ്ടാകാമെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ഭരണപരമായ ആവശ്യങ്ങൾക്കും ഇടവക രേഖകൾ ശരിയായ രീതിയിൽ ക്രമീകരിക്കുന്നതിനും ഈ വിവരം ആവശ്യമാണ്. അംഗങ്ങളുടെ പേരിനൊപ്പം ജനിച്ചവർഷം ഡയറക്ടറയിൽ പ്രസിദ്ധീകരിക്കുക ഇല്ലെന്ന് ഉറപ്പു നൽകുന്നു. എന്നാൽ ഔദ്യോഗിക രേഖകൾ ക്രമീകരിക്കുന്നതിനുള്ള ആവശ്യത്തിനായി മാത്രമായിരിക്കും ഈ വിവരങ്ങൾ ശേഖരിക്കുന്നത്.

കൃത്യമായ ഇടവക രേഖകൾ ഫലപ്രദമായ ആശയവിനിമയത്തിനും ഉത്തരവാദിത്വപൂർവ്വമായ ഭരണനിർവഹണത്തിനും സഹായിക്കുന്നു. നമ്മുടെ അംഗങ്ങളെ കൂടുതൽ കാര്യക്ഷമമായി ശുശ്രൂഷിക്കുവാനും ഒരേ ഇടവക കുടുംബത്തിന്റെ ഭാഗമാണെന്ന് ബോധ്യം ശക്തിപ്പെടുത്തുവാനും ഇവ സഹായകമാണ്.

ആയതിനാൽ ഏരിയ പ്രാർത്ഥന കൺവീനർമാരുമായി സഹകരിച്ച് ആവശ്യമായ വിവരങ്ങൾ സമയബന്ധിതമായി നൽകണമെന്ന് എല്ലാവരോടും ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു ബോധത്തോടെ ഈ ദൗത്യം നമുക്ക് പൂർത്തിയാക്കാം

വിശ്വാസത്തിലും കൂട്ടായ്മയിലും ചേർന്ന് നടക്കാം

വിശ്വാസ സമൂഹം ആയി നമുക്ക് സഭയുടെ വിളി വിശ്വസ്തതയോടെ ഓർക്കുവാനും ആത്മാർത്ഥതയോടെ തിരുവചനം പഠിക്കുവാനും സന്തോഷത്തോടെ നന്ദി അർപ്പിക്കുവാനും പ്രത്യാശയോടെ കാത്തിരിക്കുവാനും വിശുദ്ധന്മാരുടെ മാതൃകയെ പിന്തുടരുവാനും നമ്മുടെ കുഞ്ഞുങ്ങളെ മാതൃകയുള്ള ജീവിതത്തിലൂടെ നയിക്കുവാനും ഈ നാളുകളിൽ ഈ ആഗമനകാലം നമുക്ക് ഒരുങ്ങാം.

സഭാ ജീവിതം കൂട്ടായ്മയിലും പരസ്പര പരിചരണത്തിലും ദൈവത്തിന്റെ ദൗത്യത്തോടുള്ള കൂട്ടായ പ്രതിബദ്ധതയിലുമാണ് പടുത്തുയർത്തപ്പെടുന്നത്. ഈ ആഘോഷങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു

ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരും എത്തിച്ചേരുകയും പുതുതല മുറയെ പ്രോത്സാഹിപ്പിക്കുകയും കുടുംബങ്ങളെ പിന്തുണയ്ക്കുകയും വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും സുവിശേഷം അറിയിക്കുകയും ചെയ്തുകൊണ്ട് ഐക്യത്തിൽ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

ഒരു വർഷത്തിന്റെ സമാപനത്തിലേക്ക് നീങ്ങുമ്പോൾ, കഴിഞ്ഞ കാലത്തെ നന്ദിയോടെ ഓർക്കുവാനും, വർത്തമാനകാലത്തെ വിശ്വസ്തതയോടെ ജീവിക്കുവാനും, ഭാവിയെ പ്രത്യാശയോടെ നോക്കികാണുവാനും, നമുക്കിടയാകട്ടെ. ഇതുവരെ നമ്മെ നടത്തിയതായ ദൈവം വരുംകാലങ്ങളിലും നയിക്കുവാൻ ശക്തൻ.

കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ. ദൈവസമൂഹമായി വളരുവാനും വളർത്തപ്പെടുവാനും ദൈവം ഇടയാക്കട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷയിൽ,

തോമസ് പായിക്കാട്

നവീകരണ ദിനം 2026 വികാരി

ROSTER FOR READING LESSON

ENGLISH

Date	First Lesson	Second Lesson
08-11-2026	Prof. Dr. Babu Zachariah	Mrs. Geetha Philip
15-11-2026	Girl Child Sunday	
22-11-2026	Young Family Sunday	
29-11-2026	Mr. Binu Joseph	Mrs. Jessy John
06-12-2026	Harvest Festival Sunday	

MALAYALAM

Date	First Lesson	Second Lesson
08-11-2026	Mr. D Soman John	Mrs. Emily Thomas
15-11-2026	Girl Child Sunday	
22-11-2026	Young Family Sunday	
29-11-2026	Mr. Jacob Thomas	Mrs. Feba Paul
06-12-2026	Harvest Festival Sunday	